# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.732 29.09.2016 ൽ മറുപടിക്ക്**

**ജില്ലാതല ഫ്ലാഗ്ഷിപ് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ്<br>,, സണ്ണി ജോസഫ് | ശ്രീ ജി സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മുൻഗവൺമെന്റിന്റെ കാലത്ത് ജില്ലാതല ഫ്ലാഗ്ഷിപ് പദ്ധതിയുടെ ആന്വിറ്റി സ്കീമിൽ ഏതെല്ലാം പ്രവർത്തികൾ ആണ് ആരംഭിച്ചത്; എസ്റ്റിമേറ്റ് പ്രകാരം ഇതിന്റെ മൊത്തം ചെലവ് എത്രയാണ്; വ്യക്തമാക്കുമോ; | എ) ജില്ലാതല ഫ്ളാഗ്ഷിപ് പരിപാടിയിൽ (DFIP) ഉൾപ്പെട്ട താഴെപ്പറയുന്ന 5 പ്രവൃത്തികൾ ആരംഭിച്ചതായി നിരത്തു, ദേശീയപാതാ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>1. കണ്ണൂർ ഹിൽ ഹൈവേ - 237.20 കോടി<br>2. രാമനാട്ടുകര ഫ്ളൈ ഓവർ - 85.00 കോടി<br>3. നാടുകാണി - പരപ്പനങ്ങാടി റോഡ് - 450.00 കോടി<br>4. തൊണ്ടയാട് ഫ്ലൈ ഓവർ- 59.00 കോടി<br>5. വലിയഴീക്കൽ പാലം- 146.50 കോടി<br>ഇവയുടെ മൊത്തം അടങ്കൽ തുക 977.70 കോടി രൂപയാണ്. എന്നാൽ ബജറ്റ് വിഹിതം ഇല്ലാതെയാണ് പണികൾ തുടങ്ങിയത് |
| ബി) മലയോര ഹൈവേയുടെ ഭാഗമായി ഫ്ലാഗ്ഷിപ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള ഭാഗത്തിന്റെ പ്രവർത്തി ചെയ്യാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | ബി) കോഴിക്കോട് ആസ്ഥാനമായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഈ പ്രവൃത്തി ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| സി) ടെണ്ടർ എസ്റ്റിമേറ്റ് പ്രകാരം എത്ര മാസത്തിനുള്ളിലാണ് പ്രവർത്തി പൂർത്തിയാക്കേണ്ടത്; ഇതിന്റെ പ്രവർത്തി മുടങ്ങാതെ നടക്കുവാൻ നിർദ്ദേശം നല്കുമോ; വ്യക്തമാക്കുമോ? | സി) എഗ്രിമെന്റ് പ്രകാരം ചെറുപുഴ — പയ്യാവൂർ - ഉളിക്കൽ - വള്ളിത്തോട് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 30 മാസമാണ്. |

സെക്ഷൻ ഓഫീസർ